# ദേശീയ നഗര ഉപജീവന ദൗത്യം – കുടുംബശ്രീ

## 2018 മെയ് – 2020 ജനുവരി വരെ ഒറ്റ നോട്ടത്തിൽ


നിതിൻ എം.വി., സിറ്റി മിഷൻ മാനേജർ

കുടുംബശ്രീ – ദേശീയ നഗര ഉപജീവന മിഷൻ, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ


---

### ❖ നൈപുണ്യ പരിശീലനവും തൊഴിലും

നഗര ദരിദ്രരായ 18 നും 35 വയസ്സിനും ഇടയിൽ പ്രായമുള്ള യുവതീ യുവാക്കൾക്ക് നൈപുണ്യ പരിശീലനം നൽകി തൊഴിൽ നേടിക്കൊടുക്കൊന്നതിനായി നിരവധി മൊബിലൈസേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും പരിപാടികളിലായി 1050 യുവതീ യുവാക്കൾ പങ്കെടുക്കുകയും ചെയ്തു. ഇതിൽ നിന്ന് യോഗ്യരായ 315 പേർക്ക് പരിശീലനം നൽകുകയും 168 പേർക്ക് നിയമനം നൽകുകയും ചെയ്തു.

നൈപുണ്യ പരിശീലനവും തൊഴിലും പദ്ധതിയുടെ ഭാഗമായി നഗരസഭാ പരിധിയിലെ പരിശീലന കേന്ദ്രങ്ങളിൽ കൃത്യമായ ഇടവേളകളിൽ ആവശ്യമായ മേൽ നോട്ടം നടത്തുകയും പരിശീലകർക്ക് മാനദണ്ഡപ്രകാരമുള്ള യോഗ്യത ഉണ്ടെന്ന് ഉറപ്പാക്കുകയും ചെയ്തു. പരിശീലനാർത്ഥികൾക്ക് ആവശ്യമായ കൗൺസിലിംഗ് നൽകുകയും കലാ മൽസരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.

* **<u>സ്വയം തൊഴിൽ പദ്ധതി</u>**

നഗര ദരിദ്രരയിട്ടുള്ളവർക്ക് സ്വയം തൊഴിൽ ആരംഭിക്കുവാൻ താൽപ്പര്യം ഉണ്ടെങ്കിൽ അവരെ കണ്ടെത്തി കുടുംബശ്രീ ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി പ്രകാരം പലിശ സബ്സിഡിയോടു കൂടി ലോൺ അനുവദിക്കുന്നതിനായി ബാങ്ക് മനേജേഴ്സിന്റെയും കോർപ്പറേഷൻ ഉദ്യോഗസ്ഥരുടെയും സംയുക്തമായി ടാസ്ക് ഫോഴ്സ് മീറ്റിങ്ങുകൾ സംഘടിപ്പിച്ചു. എസ്.ഇ.പി, ആർ.എഫ്, മുദ്ര, ലിങ്കേജ് എന്നിവയിൽ നിന്ന് 114 സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞു. കൂടാതെ ഇവർക്കായി സംരംഭകത്വ വികസന പരിശീലനവും സർട്ടിഫിക്കറ്റും വിതരണം ചെയ്തു.

* തെരുവോര കച്ചവടക്കാരിൽ നിന്ന് ഒരാളെ സ്വയം തൊഴിൽ സംരംഭം ആരംഭിക്കാൻ സാധിച്ചു.

* **<u>ലിങ്കേജ് വായ്പ</u>**

ബാങ്കുമായി ബന്ധപ്പെടുത്തി പലിശ സബ്സിഡിയോടുകൂടി 405 അയൽക്കൂട്ടങ്ങൾക്കായി 23.28 ലക്ഷം രൂപ സബ്സിഡിയും അനുവദിച്ചു.

* **<u>സംസ്ഥാന തല തൊഴിൽ മേള</u>**

ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ ഭാഗമായി ഷെഹരി സമൃദ്ധി ഉത്സവിന്റെ ഭാഗമായി സംസ്ഥാന തല തൊഴിൽ മേള കണ്ണൂർ കോർപ്പറേഷനിലാണ

നടന്നത്. ആകെ 1682 തൊഴിലന്വേഷകർ തൊഴിൽ മേളയിൽ പങ്കെടുത്തു. 228 പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തു.

❖ <u>പാചക ഗ്യാസ് സൗജന്യ കണക്ഷൻ</u>

ഷെഹരി സമൃദ്ധി ഉത്സവിന്റെ ഭാഗമായി 110 പേർക്ക് പ്രധാനമന്ത്രി ഉജ്ജ്വൽ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി പാചക ഗ്യാസ് സൗജന്യമായി വിതരണം ചെയ്തു.

❖ ദേശീയ നഗര ഉപജീവന മിഷന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ ദൂരദർശനിൽ നടക്കുന്ന ന്യൂ ഇന്ത്യ സങ്കൽ പ്പ് എന്ന പരിപാടിയിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് പങ്കെടുക്കാൻ സാധിച്ചു. കണ്ണൂരിലെ ട്രാൻസ്ജെൻഡർ അയൽ ക്കൂട്ടത്തിലെ 2 അംഗങ്ങളുടെ വിജയഗാഥ അവതരിപ്പിക്കുകയും ചെയ്തു. ദേശീയ നഗര ഉപജീവന മിഷൻ ജോയിന്റ് സെക്രട്ടറി ശ്രീ. സഞ്ജയ് കുമാർ ഐ.എ.എസ് ൽ നിന്ന് അനുമോദനവും ലഭിച്ചു.

❖ നഗര പ്രദേശത്തെ സംരംഭകർക്ക് വരുമാന വർദ്ധനവിനായി ഫുഡ് ഫെസ്റ്റ് സംഘടിപ്പിച്ചു.

❖ ഇക്കോ നാനോ മാർക്കറ്റ് അടക്കം 2 നാനോ മാർക്കറ്റുകൾ ആരംഭിച്ചു.

❖ ജില്ലാ തല ഓണ ചന്ത സംഘടിപ്പിച്ചു. മാസ ചന്തകളും ഓഫീസ് മേളകളും ട്രേഡ് ഫെയറുകളും സംഘടിപ്പിച്ചു.

- പയ്യാമ്പലം ബീച്ചിൽ ഫുഡ് കിയോസ്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിൽ.

- പയ്യാമ്പലം ബീച്ചിൽ ഫുഡ് ഫെസ്റ്റ്, കുടുംബശ്രീ കലോൽസവം, വയോജന സംഗമം, തൊഴിൽ മേള എന്നിവ സംഘടിപ്പിക്കാനുള്ള പ്രവർത്തനം നടക്കുന്നു.

- സി.ഇ.എഫ് 20 ൽ കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ സംസ്ഥാന മിഷനിൽ സമർപ്പിച്ചു.

- കുടുംബശ്രീ ആമസോൺ വിൽ പ്പനയ്ക്ക് 10 സംരംഭങ്ങൾ നൽ കി

- വുമൺ വെൽ നെസ് സെന്റർ – യോഗ പരിശീലന കേന്ദ്രം ആരംഭിച്ചു.

- എറൈസ് പദ്ധതിയുടെ ഭാഗമായി തൊഴിൽ പരിശീലനം ലഭിച്ച 11 പേർക്ക് ഹൌസ് കീപ്പിംഗ് മേഖലയിൽ ജോലി ലഭിച്ചു.

- ആർ.ഒ പ്ലാന്റ്, ഷീ ലോഡ്ജ് എന്നിവ ആരംഭിക്കുന്നതിനുള്ള പ്രവർത്തനം അവസാന ഘട്ടത്തിൽ.

- സംരംഭം ആരംഭിക്കുവാൻ ആഗ്രഹിക്കുന്നവർക്കായി അവരുടെ സംശയങ്ങൾ മാറ്റുന്നതിനും അപേക്ഷ സമർപ്പിക്കുന്നതിനും 6 ബാങ്കുകൾ പങ്കെടുത്ത ബാങ്ക് ലോൺ മേള സംഘടിപ്പിച്ചു.

- കേരളത്തിൽ പ്രളയം ഉണ്ടായ സമയത്ത് വിവിധ ജില്ലകളിൽ രക്ഷാപ്രവർത്തിൽ പങ്കെടുക്കുകയും അനുമോദനം ലഭിക്കുകയും ചെയ്തു.

- കുടുംബശ്രീ അംഗങ്ങൾക്ക് പേപ്പർ ബാഗ്, കുട നിർമ്മാണം തുടങ്ങി സംരംഭം ആരംഭിക്കുന്നതിനുള്ള പരിശീലനം നൽകി.